സംസ്ഥാനത്ത് പൂർത്തിയാക്കാൻ ബാക്കിയുള്ള റെയിൽവേ മേൽപ്പാലങ്ങൾ

41 [622] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർത്തിയാക്കാൻ ബാക്കിയുള്ള റെയിൽവേ മേൽപ്പാലങ്ങൾ (ആർ.ഒ.ബി.) ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ റെയിൽവേ ലൈനിനു മുകളിലുള്ള ഭാഗമൊഴിച്ച് ബാക്കി പൂർത്തിയായ എത്ര മേൽപ്പാലങ്ങൾ ഉണ്ട്;

(സി) റെയിൽവേ ലൈനിനു മുകളിലുള്ള ഭാഗത്തിന്റെ പ്രവർത്തി പൂർത്തിയാക്കുന്നതിലുള്ള കാലതാമസംമൂലം ഗതാഗതത്തിന് തുറന്ന് കൊടുക്കാൻ സാധിക്കാത്ത റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 6 മേൽപ്പാലങ്ങൾ.

(സി) & (ഡി) റെയിൽവേയുടെ ഭാഗത്തെ പണി പൂർത്തിയാക്കാനുള്ള 16 മേൽപ്പാലങ്ങളിൽ 5 മേൽപ്പാലങ്ങളുടെ (ബേക്കൽ, അത്താണി, വിക്ടോറിയ കോളേജ് റോഡ്, കടുക്കാംകുന്ന്, പുല്ലേപടി) റെയിൽവേയുടെ ഭാഗത്തെ പണികൾ റെയിൽവേ നേരിട്ടാണ് നടത്തുന്നത്. ഇവയിൽ സംസ്ഥാന സർക്കാർ നിരന്തര സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ബേക്കൽ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ റെയിൽവേ ആരംഭിച്ചിട്ടുണ്ട്. അത്താണി, വിക്ടോറിയ കോളേജ് റോഡ്, കടുക്കാംകുന്ന്, പുല്ലേപ്പടി മുതലായ മേൽപ്പാലങ്ങളുടെ റെയിൽവേ ഭാഗത്തെ ടെണ്ടർ നടപടികൾ റെയിൽവേ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

ബാക്കിയുള്ള 10 റെയിൽവേ മേൽപ്പാലങ്ങളിൽ 5 മേൽപ്പാലങ്ങളുടെ (ചെങ്കോട്ടുകാവ്, കളമശ്ശേരി, ചാലക്കുടി കല്ലേറ്റുംകര, വെങ്ങളം) റെയിൽവേയുടെ ഭാഗത്തെ നിർമ്മാണത്തിനുള്ള അനുമതി ഇതിനകം നേടിയിട്ടുണ്ട്. മുണ്ടൂർ റോഡ് മേൽപ്പാലത്തിന്റെയും മുഴുപ്പിലങ്ങാട്, നന്തി മുതലായ മേൽപ്പാലങ്ങളുടെയും അനുമതി ഉദ്ദേശം 2 മാസങ്ങൾക്കുള്ളിൽ തന്നെ ലഭ്യമാക്കുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള കൊരട്ടി, പാലക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ റെയിൽവേ ഭാഗത്തെ നിർമ്മാണത്തിനുള്ള അനുമതിക്കായി റെയിൽവേയിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.

---

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly